ക്ലാസ്സ് : 10 തിയ്യതി : 01-07-2020

# വിഷയം : കേരളപാഠാവലി

## പാഠം : ഋതുയോഗം

## വർക്ക്ഷീറ്റ് : 1

1.സർവദമനനിൽ ഒളിഞ്ഞിരിക്കുന്ന തേജസ്സിനെ എന്തിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്?

2. "വിളക്കിച്ചേർത്തോണം വിരൽനിര
ഞെരുങ്ങിത്തൊടുകയാൽ "
വിരൽനിര എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർത്ഥം താഴെ കൊടുത്തവയിൽ നിന്നും കണ്ടെത്തി എഴുതുക.

- വിരലിന്റെ നിര
- വിരലാകുന്ന നിര
- വിരലും നിരയും

3. "പല്ലിൻ മൊട്ടുകൾ....
.......... വചസ്സവ്യക്തമുഗ്ധാക്ഷരം "
- കുട്ടിക്കാലത്തിന്റെ എന്തെല്ലാം പ്രത്യേകതകൾ ഈ ശ്ലോക ഭാഗത്ത് കാണാം ?

4. "വിളങ്ങുന്നു രാഗം ഭൃശമെഴുമുഷസ്സിൽദ്ദലകുലം
തെളിഞ്ഞീടാതൊന്നായ് വിടരുമൊരു തണ്ടാർമലരു
പോൽ " _ ചമൽക്കാരഭംഗി വിശദമാക്കി കുറിപ്പ് തയാറാക്കുക .

വിദൂരം 2020 തിരൂർ ഉപജില്ല

5. "ചെറുപാമ്പ് ചന്ദനമരത്തിനെന്നപോൽ "_ ചെറുപാമ്പ് എന്ന വിശേഷണം കൊണ്ട് ആരെയാണ് ഉദ്ദേശിക്കുന്നത് ? അങ്ങനെ വിശേഷിപ്പിക്കുന്നതിന്റെ ഔചിത്യം എന്ത് ?

6. "എരിയാൻ..... പെരിയോർക്കുള്ളൊരു വീര ബാലനെ " - വരികളിലെ കാവ്യപരമായ രണ്ട് സവിശേഷതകൾ കുറിക്കുക

7. "സർവദമനൻ എന്നു മഹർഷിമാർ നിനക്കു പേരിട്ടതു ശരി തന്നെ "

- "എന്ത്? ഇവന്റെ കൈയിൽ ചക്രവർത്തി ലക്ഷണവും കാണുന്നുണ്ടല്ലോ."
- "ഇവൻ വാക്കു കൊണ്ടു മാത്രം തൃപ്തിപ്പെടുന്നവനല്ല "
- "അത് ഇവന്റെ ആകൃതിക്ക് ചേർന്ന പ്രകൃതി കൊണ്ടു തന്നെ അറിയാം."

-- സൂചനകളും പാഠഭാഗവും വിശകലനം ചെയ്ത് സർവദമനനെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.

വിദൂരം 2020 തിരൂർ ഉപജില്ല